# 10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കുന്ന കാര്യത്തിലുള്ള സംസ്ഥാനസർക്കാരിന്റെ ഇരട്ടത്താപ്പുനയം അവസാനിപ്പിക്കണം

സംസ്ഥാനത്ത് മുന്നാക്കവിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം സർക്കാർ നടപ്പിലാക്കിയതായി പ്രഖ്യാപിച്ചെങ്കിലും ആ വിഭാഗത്തിന് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല എന്ന വസ്തുത പറയാതെവയ്യ.

മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിലുള്ള അപാകതകൾ ആണ് ഇതിനു കാരണം. അവ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻ.എസ്.എസ്. നേരത്തെ തന്നെ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതാണ്.

സംസ്ഥാനസർക്കാർ നിയമിച്ച മുന്നാക്ക കമ്മീഷൻ മുന്നാക്കസമുദായങ്ങളുടെ പട്ടിക ഉൾപ്പെടുന്ന റിപ്പോർട്ട് 2019-ൽ സമർപ്പിക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തെങ്കിലും മുന്നാക്കസമുദായപട്ടിക നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തത് സാമ്പത്തിക സംവരണത്തിന്റെ പ്രയോജനം മുന്നാക്കവിഭാഗത്തിന് ലഭിക്കാതിരിക്കുന്നതിന് ഒരു പ്രധാന കാരണമാണ്.

സാമ്പത്തികസംവരണത്തിനുള്ള അർഹത നിശ്ചയിക്കുന്നത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കെ, മുന്നാക്കസമുദായപട്ടികയിൽ ഉൾപ്പെടാത്തവർക്ക് സംവരണം നേടാൻ കഴിയാത്ത സ്ഥിതിയും നിലവിലുണ്ട്.

മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിച്ചാൽ മാത്രമേ ഏതൊക്കെ സമുദായങ്ങൾക്ക് സംവരണത്തിന് അർഹതയുണ്ട് എന്നു നിശ്ചയിക്കാൻ കഴിയൂ.

സാമ്പത്തികസംവരണം ലഭിക്കുന്നതിനുവേണ്ടി റവന്യൂഅധികാരികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നല്കാതിരിക്കുന്നതും ഈ കാരണത്താലാണെന്നു കരുതേണ്ടിയിരിക്കുന്നു.

അതിനൊരു പരിഹാരമായി, മുന്നാക്കസമുദായപട്ടിക കാലവിളംബം കൂടാതെ പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു ഉപഹർജിയും മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സംവരണം നടപ്പാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് 2020 നവംബർ 25-ന് ഹൈക്കോടതിയിൽ ഫയൽ ചെയ്ത മുൻഹർജിയോടൊപ്പം എൻ.എസ്.എസ്. സമർപ്പിച്ചിരിക്കുകയാണ്.

2019 ജനുവരിയിൽ കേന്ദ്രസർക്കാർ ഭരണഘടനാഭേദഗതിയിലൂടെ നടപ്പാക്കിയ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കായി (Economically Weaker Section) ഏർപ്പെടുത്തിയ 10 ശതമാനം സാമ്പത്തികസംവരണം സംസ്ഥാനസർക്കാർ 3.1.2020-ൽ മാത്രമാണ് അംഗീകരിച്ചത്.

ഇത്രയുമായിട്ടും മുന്നാക്കവിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല എന്നുള്ളത് മുന്നാക്കവിഭാഗങ്ങളോടു കാണിക്കുന്ന വിവേചനമാണ്.

മുന്നാക്കവിഭാഗങ്ങളോടു മാത്രമുള്ള സംസ്ഥാനസർക്കാരിന്റെ ഈ ഇരട്ടത്താപ്പുനയം ഒരു ജനാധിപത്യഗവണ്മെന്റിന് യോജിച്ചതല്ല, അതുകൊണ്ടുകൂടിയാണ് എൻ.എസ്.എസ്. ഹൈക്കോടതിയെ വീണ്ടും സമീപിക്കേണ്ടിവന്നത്.